# നീര - ഉത്ഭവം

കള്ളിന്റെ കഥക്ക് പഴക്കമേറെയുണ്ട്. ബിസിയിൽ ഇന്ത്യയിലെത്തിയ മെഗസ്തനീസ് കള്ളിന്റെ ഉപയോഗത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. 2000 ബിസിയിൽ രചിച്ചെതെന്നു വാദഗതിയുള്ള ഋഗ് വേദത്തിൽ സുരയെക്കുറിച്ച് പരാമർശമുണ്ട്.രാമായണത്തിൽ നാലുതരം മദ്യത്തെക്കുറിച്ചു പറയുമ്പോൾ ചാണക്യൻ 12 തരം മദ്യത്തെക്കുറിച്ചു ചരകൻ 84 തരം മദ്യത്തെക്കുറിച്ചുമാണ് പരാമർശിക്കുന്നത്. മദ്യം നിർമ്മിക്കുന്ന വിധം ആദ്യമായി പരാമർശിക്കുന്നത് കൗടില്യന്റെ അർത്ഥ ശാസ്ത്രത്തിലാണെന്ന് ചരിത്രകാരൻമാർ പറയുന്നു.

നാടൻ കള്ളിന്റെ കാര്യത്തിലേക്ക് വന്നാൽ എന്നു മുതലാണ് ചെത്തു തുടങ്ങിയത് എന്നു ചോദിച്ചാൽ തെങ്ങും പനയും ഉണ്ടായതു മുതൽ എന്നാണ് ഉത്തരം. ഇന്ത്യയിൽ കള്ളുചെത്താൻ തുടങ്ങിയ കാലഘട്ടത്തിൽ തന്നെ നൈജീരിയ,മൊസാംബിക്ക്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലും കള്ളുചെത്തു ആരംഭിച്ചിരുന്നു. കേരളത്തിലെ നാടൻ കള്ള് പുരാതന കാലം മുതൽ ലോകം മുഴുവൻ പ്രസിദ്ധമാണ്. അന്നത്തെ പ്രധാന തുറമുഖമായിരുന്ന മുസരിസിൽ നിന്നു റോമാ സാമ്രാജ്യത്തിലേക്കും ശീമയിലേക്കുമൊക്കെ കണ്ടെയ്നറുകൾ നിറയെ കള്ളു കയറ്റി അയ്ച്ചിരുന്നതായി ചരിത്ര രേഖകളുണ്ട്. സംഘസാഹിത്യ കൃതിയായ പുറം നാനൂറിൽ കുട്ടനാട്ടിൽ ചെത്തിയെടുക്കുന്ന നാടൻകള്ളിനെക്കുറിച്ചു പരാമർശമുണ്ട്. കുട്ടനാട്, അന്തിക്കാട്, വള്ളുവനാട് പ്രദേശങ്ങളാണ് അന്നു കള്ളുചെത്തിൽ പ്രാമുഖ്യമുണ്ടായിരുന്ന പ്രദേശങ്ങൾ.

കുട്ടനാട്ടിലും അന്തിക്കാട്ടിലും തെങ്ങുചെത്തുമ്പോൾ പാലക്കാട്ടെ ചെത്തു തൊഴിലാളികൾ ഭൂരിഭാഗവും പനചെത്തുന്നവരായിരുന്നു. പനങ്കള്ള് ചെറിയകുടത്തിലും തെങ്ങിൻ കള്ള് കുപ്പിയിലും നൽകുന്നതാണ് സമ്പ്രദായം. എന്നാൽ ഇപ്പോൾ സമ്പ്രദായങ്ങൾ ഒന്നുമില്ല.

പാണ്ടിശൈലിയിൽ പുലരിക്കള്ളും അന്തിക്കള്ളും ചെത്തുമ്പോൾ കേരളീയരുടെ ചെളിചെത്ത് ഉച്ചയ്ക്കുമുണ്ടാകും. ചെത്തുകാർ തെങ്ങിൽ ചകിരിയും കയറും ഉപയോഗിച്ച് മുകളിലേക്ക് കയറുവാനുള്ള വച്ചുകെട്ട് നടത്തും. നല്ല കുല കണ്ടുപിടിച്ച് ദിവസവും തല്ലി പരുവമാക്കണം. പോത്തിന്റെ കാലിലെ എല്ലാണ് കുല തല്ലുവാൻ ഉപയോഗിക്കുന്നത്. കരുവ എന്നണിതിന് പറയുന്നത്. എല്ലിനകത്ത് ആയുർവേദ മരുന്ന കടകളിൽ നിന്നു ലഭിക്കുന്ന നെയ്യായ ഇന്തുകാന്തം ഒഴിക്കും. പിന്നീട് ഈയം ഉപയോഗിച്ച് അടയ്ക്കുന്നതോടെ കരുവ തയ്യാർ. ചെളിചെത്തുകാരൻ കരുവ കൊണ്ട് കുലയുടെ അടിയിൽ നിന്നു മുകളിലേക്ക് പ്രത്യേക താളത്തിലാണ് തല്ലുക. പാണ്ടിചെത്തുകാരന് കരുവയ്ക്കു പകരം പുളിമരക്കഷണമാണ് ആയുധം. മുകളിൽ ഉരുണ്ടും കൈപ്പിടിയുള്ളതുമാണ് ഇവരുടെ പുളിമുട്ടി. പാണ്ടിചെത്തുകാരൻ കുലയുടെ മുകളിൽ നിന്ന് താഴേക്കാണ് തല്ലുന്നത്.

ആദ്യനാലു നാളുകളിൽ ഒരു നേരം മാത്രമാണ് കുല തല്ലുന്നതും ചെത്തുന്നതും. അഞ്ചാം നാൾ മുതൽ കുല രണ്ടുനേരം കുലചെത്തിവിടും. കുലചെത്തി 15 മുതൽ 20 ദിവസത്തിനുള്ളിലാണ് കള്ളു ഊറിവരിക. മൺകുടങ്ങളാണ് കുലയിൽ കമിഴ്ത്തുന്നത്. തെങ്ങിനു കരമടച്ചു ചെത്തിതുടങ്ങിയാൽ 20 ദിവസമെങ്കിലും കഴിഞ്ഞാലേ കള്ളു ലഭിക്കുകയുള്ളു.

ചെളിചെത്തുകാരൻ കള്ള് കുലയിലേക്ക് തിരിച്ച് ഇറങ്ങാതിരിക്കുവാൻ ചെത്തിയതിനു ശേഷം കുലയുടെ അഗ്രഭാഗത്ത് ചെത്തുമണ്ണു തേയ്ക്കും. കായൽ തീരങ്ങളിൽ നിന്നാണ് ഒരു തരി കല്ലുപോലുമില്ലാതെ ചെത്തുമണ്ണ് കൊണ്ടുവരുന്നത്. പാണ്ടിചെത്തുകാരൻ ചെത്തുമണ്ണ് കുലയിൽ തേയ്ക്കാറില്ല. പകരം കുലയെ താഴ്ത്തി വെയ്ക്കും.

പോർച്ചുഗീസുകാർ കള്ളുവാറ്റി ഫെനിയുണ്ടാക്കാൻ തുടങ്ങിയതോടെയാണ് ഇന്ത്യയിൽ കള്ളും വിദേശ മദ്യവും തമമിലുള്ള സമരം തുടങ്ങുന്നത്. ബ്രിട്ടീഷുകാർ കൈയ്യിൽ കുപ്പിയുമായിട്ടാണ് ഇന്ത്യയെ ഭരിക്കാനെത്തിയത്. പക്ഷെ നാട്ടിൽ സുലഭമായി നാടൻ മദ്യമൊഴുകമ്പോൾ കച്ചവടക്കണ്ണുള്ള വെള്ളക്കാരൻ അതു നിയന്ത്രിക്കാനായി പുതിയ നിയമങ്ങൾക്കും ചെത്തു ചട്ടങ്ങൾക്കും രൂപം നൽകി.

**കടപ്പാട് വി. മിത്രൻ**